# പതിമൂന്നാം കേരള നിയമസഭ
## രണ്ടാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 705* 2.11.2011 ൽ മറുപടിക്ക്

## നബാർഡിന്റെ ധനസഹായത്തോടു കൂടിയുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>,, മഞ്ഞളാംകുഴി അലി<br>,, കെ. എം. ഷാജി<br>,, പി. കെ. ബഷീർ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പാലങ്ങളുടെയും റോഡുകളുടെയും നിർമ്മിതിക്ക് നബാർഡിൽ നിന്നും ധനസഹായം ലഭിക്കുന്നതിന്റെ മാനദണ്ഡമെന്താണെന്നും, സഹായത്തിന്റെ സ്വഭാവമെന്താണെന്നും വിശദമാക്കാമോ; | (എ). പൊതുമരാമത്ത് വകുപ്പിന് ആവശ്യമുള്ള ഗ്രാമീണ മേഖലയിലെ പദ്ധതികൾ, സംസ്ഥാനത്തിന് ലോൺ വിഹിതം ലഭ്യമാക്കുന്ന നോഡൽ ഏജൻസിയായ ധനകാര്യ വകുപ്പ് വഴിയാണ് നബാർഡിന് സമർപ്പിക്കുന്നത്. ബാങ്കിന്റെ നിയമങ്ങൾക്കനുസരിച്ചാണോ പ്രോജക്ട് റിപ്പോർട്ടുകൾ എന്ന് പരിശോധിച്ച് അംഗീകാരം നൽകുന്നത് നബാർഡാണ്. അങ്ങനെ അംഗീകാരം കിട്ടുന്ന പദ്ധതികൾ സാധാരണ പ്രവൃത്തികൾ നടത്തുന്ന രീതിയിൽ നടപ്പിലാക്കുകയും ചെയ്യുന്നു. പദ്ധതിച്ചെലവിന്റെ **80%** നബാർഡിൽ നിന്നും ലോൺ വ്യവസ്ഥയിൽ ലഭിക്കുന്നു. |
| (ബി) ഇതിനായി സംസ്ഥാനത്ത് പൊതുമരാമത്തു വകുപ്പിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സെല്ലിന്റെ ഘടന വ്യക്തമാക്കുമോ ; | (ബി) പൊതുമരാമത്ത് വകുപ്പിലെ റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ എന്നിവരുടെ നേരിട്ടുള്ള മേൽ നോട്ടത്തിൽ ഒരു 'നബാർഡ് സെൽ' പ്രവർത്തിക്കുന്നു. ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, രണ്ട് അസിസ്റ്റന്റ് എഞ്ചിനീയർമാർ, ഒരു ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ എന്നീ ഉദ്യോഗസ്ഥരാണ് പ്രസ്തുത സെല്ലിൽ പ്രവർത്തിക്കുന്നത്. |

(സി) നബാർഡ് സഹായത്താൽ എത്ര പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്; എത്ര പദ്ധതികൾ നടന്നുകൊണ്ടിരിക്കുന്നു;

(സി) നബാർഡ് സഹായത്താൽ 455 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. 43 പദ്ധതികൾ പുരോഗതിയിലാണ്.

(ഡി) കൂടുതൽ പദ്ധതികൾക്ക് ധന സഹായം ലഭിക്കാൻ സംസ്ഥാനത്തിന്റെ ഭാഗത്തു നിന്നും എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കുമോ?

(ഡി) സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്കായി സംസ്ഥാന വിഹിതമുൾപ്പെടെ നബാർഡ് ഈ സാമ്പത്തിക വർഷം നീക്കി വച്ചിട്ടുള്ളത് 600 കോടി രൂപയാണ്. ഇതിൽ കാർഷിക പദ്ധതികൾക്കാണ് മുൻഗണന നൽകുന്നത്. എന്നാലും പൊതുമരാമത്ത് വകുപ്പിന് കൂടുതൽ തുക വകയിരുത്തുന്നതിനായി കൂടുതൽ പരിശ്രമങ്ങൾ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ